**ചോദ്യം നം. 3942.**

<u>ഗസ്റ്റ് അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ</u>

| **<u>ചോദ്യം</u>** | **<u>മറുപടി</u>** |
|---|---|
| ശ്രീ. പി.സി. വിഷ്ണുനാഥ് | **ശ്രീ.പി.കെ.അബ്ദുറബ്ബ്**<br>**(വിദ്യാഭ്യാസ വകുപ്പു മന്ത്രി)** |
| (എ) നിലവിൽ എയ്ഡഡ് **കോളേജുകളിൽ** / സ്കൂളുകളിൽ ജോലി ചെയ്തുവരുന്ന ഗസ്റ്റ് അദ്ധ്യാപകരുടെ സേവന - വേതന വ്യവസ്ഥകൾ എന്തൊക്കെയെന്നും പ്രതിദിന/മാസ വേതനം എത്രയെന്നും വ്യക്തമാക്കുമോ; | (എ) 14.9.2011 ലെ സ.ഉ(പി)നം.225/11/ഉ.വി.വ. പ്രകാരം കോളേജുകളിൽ ജോലിചെയ്തു വരുന്ന ഗസ്റ്റ് അദ്ധ്യാപകരുടെ സേവന വേതന വ്യവസ്ഥകൾ നിർണ്ണയിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവ് അന്യത്ര ചേർത്തിട്ടുണ്ട്.<br><br>ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പാൾ തയ്യാറാക്കുന്ന അംഗീകൃത ടൈംടേബിൾ പ്രകാരം , ദിവസവേതനത്തിൽ ജോലി ചെയ്യുന്ന ജൂനിയർ അദ്ധ്യാപകന് ആഴ്ചയിൽ പരമാവധി 14 പീരിഡുകൾ കൈകാര്യം ചെയ്യാം. സീനിയർ അദ്ധ്യാപകന് 15-25 പീരിഡുകൾ വരെ കൈകാര്യം ചെയ്യാവുന്നതാണ്. ദിവസവേതനാടിസ്ഥാനത്തിൽ പ്രവർത്തിച്ചുവരുന്ന ജൂനിയർ അദ്ധ്യാപകന് ഒരു ദിവസം 500 രൂപയും സീനിയർ അദ്ധ്യാപകന് 600 രൂപയുമായി സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ബി) | യു.ജി.സി അനുശാസിക്കുന്ന വേതനം നിലവിൽ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കുമോ; | (ബി) | ഉണ്ട്. 14.9.2011 ലെ സർക്കാർ ഉത്തരവ് , യൂജിസി മാനദണ്ഡങ്ങൾ/ നിർദ്ദേശങ്ങൾ അനുസൃതമാക്കിയുള്ളതാണ്. |
| (സി) | നെറ്റ് യോഗ്യത ഇല്ലാത്ത ഗസ്റ്റ് അദ്ധ്യാപകരുടെ സേവന-വേതനവ്യവസ്ഥ എത്രയെന്ന് വ്യക്തമാക്കാമോ; | (സി) | 14.9.2011 ലെ സ.ഉ(പി)നം.225/11/ഉ.വി.വ. ഉത്തരവ് നിലവിൽ വന്നതിനു ശേഷം നിയമിക്കപ്പെടുന്ന ഗസ്റ്റ്അദ്ധ്യാപകർക്ക് നെറ്റ് യോഗ്യത ഉണ്ടായിരിക്കണം . അതിനുമുമ്പ് നിയമിക്കപ്പെട്ടവർക്ക് നെറ്റ് യോഗ്യതയുള്ളവരെന്നും ഇല്ലാത്തവരെന്നും തരംതിരിച്ച് സേവനവേതന വ്യവസ്ഥ ബാധകമാക്കിയിരുന്നില്ല. |
| (ഡി) | നെറ്റ് യോഗ്യത ഇല്ലാത്ത ഗസ്റ്റ് അദ്ധ്യാപകരുടെ സേവനത്തിന് ആനുപാതികമായി വേതനം വർദ്ധിപ്പിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | (ഡി) | 14.9.2011 ലെ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരമാണ് ഗസ്റ്റ് അദ്ധ്യാപകനിയമനം നടത്തേണ്ടത്. |

സെക്ഷൻ ഓഫീസർ